വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കുഞ്ഞൻ) : സർ, പാലക്കാട്ട് താലൂക്കിൽ കാഞ്ഞിരാണ്ടി പഞ്ചായത്തിൽ കട്ടംതിരുത്തി എന്ന സ്ഥലത്തുണ്ടായ സംഭവത്തെക്കുറിച്ചുള്ള വിവരം ഗവണ്മെൻറിലേക്ക് ലഭിച്ച ഉടനെ തന്നെ ആവശ്യമായ പോലീസിനെ സ്ഥലത്തു് അയച്ചിട്ടുണ്ടു്. അവിടെ ആവശ്യമായ സമാധാന നടപടികളും ഇപ്പോഴുതന്നെ സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടെ സാധാരണ നില മാത്രമേയുള്ളൂ. അടിയന്തിരാവസ്ഥ ഒന്നുംതന്നെയില്ല. അതുപോലെതന്നെ പാലക്കാട്ട് ടൗണിലും സാധാരണ നില എത്തിയിട്ടുണ്ടെന്നു റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ഇപ്പോഴെയെല്ലാം തന്നെ യാതൊരു വിധത്തിലുള്ള അടിയന്തിര പരിതഃസ്ഥിതിയുമില്ലെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(ii) Strike by the Labourers of the Sankar's Paints and Oils, Shertallai.

മി. സ്പീക്കർ : ചേർത്തലയിലെ ശങ്കർ പെയിൻറ്സ് ആൻഡ് ഓയിൽ കമ്പനി മാനേജ്മെൻറിനെതിരെ തൊഴിലാളികൾ നടത്തിവരുന്ന പ്രത്യക്ഷ സമര പരിപാടികൾ മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനു് ശ്രീ. കുമാരപിള്ള ഒരു അടിയന്തിര പ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുണ്ടു്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ) : നാളെ അതിനുള്ള വിശദീകരണം നൽകാവുന്നതാണു്.

IV. CALLING ATTENTION UNDER RULE 61

Lay off in the Lekshmi Mills, Trichur

മി. സ്പീക്കർ : തൃശ്ശൂർ ലക്ഷ്മി മിൽസ് ലേ ഓഫ് ചെയ്യാൻ മാനേജ്മെൻറ് നിശ്ചയിച്ചതിനെത്തുടർന്നു മുന്നൂറിൽ പരം തൊഴിലാളി കുടുംബങ്ങൾക്കു് നേരിടേണ്ടി വന്നിരിക്കുന്ന വിഷമതകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ കെ. കരുണാകരൻ റൂം 61 അനുസരിച്ചു് ഒരു നോട്ടീസും നൽകിയിട്ടുണ്ടു്. ശ്രീ. കെ. കരുണാകരനു് അതേപ്പറ്റി സംസാരിക്കാം.

ശ്രീ. കെ കരുണാകരൻ: സർ, തൃശ്ശൂരിലെ ലക്ഷ്മി മിൽസിൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായിട്ടു് ജോലി ഇല്ലായ്മ നിലനിൽക്കുകയാണു്. അതിനുള്ള കാരണം ജൂൺ മാസം 14-ാം തീയതി അവിടെയുള്ള കുറെ തൊഴിലാളികളെ പിരിച്ചുവിട്ടതാണു്. തൊഴിലാളികളെ പിരിച്ചുവിട്ടതിനെത്തുടർന്നു മാറുള്ള തൊഴിലാളികളും പണിമുടക്കു് ആരംഭിച്ചു. ആ പണിമുടക്കു് പിൻവലിച്ചതിനുശേഷം അവിടെ ജോലിക്കു ചെന്ന തൊഴിലാളികളെ പത്തു് പന്ത്രണ്ടോളം ആളുകളും ചേർന്നു് ബലം പ്രയോഗിച്ചു തടയുകയുണ്ടായി. അതുകൊണ്ടു് ജോലിക്കു് പോകാൻ തയാറായി ചെന്ന ആളുകൾക്കു് മില്ലിനകത്തു് പ്രവേശിക്കാൻ സാധിച്ചില്ല. അതിനുശേഷം ആ തൊഴിലാളികളും ഒരു ജാഥയായി പോയി അവിടത്തെ കളക്ടറെ കാണുകയും, അവർക്കു് ജോലിക്കു പോകാനുള്ള മാർഗ്ഗതടസ്സം ഒഴിവാക്കി കൊടുക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. അവർ ഇക്കാര്യം തൊഴിൽ മന്ത്രിയേയും അറിയിച്ചിട്ടുണ്ടു്. പക്ഷേ ഇതുവരെയായിട്ടും അതിലൊരു തീരുമാനം ഉണ്ടായിട്ടില്ലെന്നുള്ളതാണു് സത്യം. ഒരുപക്ഷം അടക്കാൻ പോകുന്ന ഈ സന്ദർഭത്തിലെങ്കിലും അതിനൊരു പരിഹാരം കാണേണ്ടതാണു്. അവിടെ പണിയെടുക്കുന്ന മുന്നൂറോളം കുടുംബങ്ങൾ കഴിഞ്ഞ രണ്ടു മൂന്നു് മാസമായിട്ടു പട്ടിണിയിൽ കഴിയുകയാണു്. ഇങ്ങനെ പട്ടിണി തുടർന്നാൽ എന്തു് സംഭവിക്കുമെന്നു് അറിഞ്ഞുകൂടാ. ഒരു ന്യൂനപക്ഷം ആളുകൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ നേടുന്നതിനുവേണ്ടി മുന്നൂറോളം കുടുംബങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണിയായിരിക്കുകയാണു്. ഇതിനൊരു മുന്തുതീർപ്പുണ്ടാക്കണമെന്നതിനു് മന്ത്രി മുൻകൈയെടുക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇതിലെ പ്രതിനിധികളായി കൂടിയാലോചിച്ചു് ഇപ്പോഴുള്ള തടസ്സം നീക്കിക്കൊണ്ടു് ആ മില്ലു് തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്നതാണു്. ലേബർ കോൺഫറൻസിൽ എടുത്ത ഒരു എഗ്രിമെൻറിന്റെ തീരുമാനത്തിലാണു് അഭിപ്രായവ്യത്യാസമുള്ളതെന്നറിയുന്നു. അതിൽ ഏതെങ്കിലും ഗ്രീവൻസസ്സു് ഉണ്ടെങ്കിൽ അതു് പരിശോധിച്ചു് വേണ്ടതു ചെയ്യേണ്ടതാണു്. ജോലിക്കു് പോകണമെന്നു് ആഗ്രഹമുള്ള തൊഴിലാളികൾക്കു് മാർഗ്ഗതടസ്സം കൂടാതെ ജോലിക്കു് ഹാജരാകുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിച്ചുകൊടുക്കണമെന്ന മാത്രമാണു് എനിക്കു് ഈ അവസരത്തിൽ ആവശ്യപ്പെടാനുള്ളതു്.

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): ലക്ഷ്മി മിൽസിൽ പണിമുടക്കം ആരംഭിച്ചിട്ടു് രണ്ടുമാസത്തോളമായി. ആ പണിമുടക്കത്തെത്തുടർന്നു ഒരു തീരുമാനം ഉണ്ടാക്കിയപ്പോഴും ആ പണിമുടക്കത്തിലില്ലാതിരുന്ന ചിലയാളുകളും ചില തടസ്സങ്ങളുണ്ടാക്കുകയും തൊഴിലാളികളെ ജോലിക്കു പോകുന്നതിനു് സമ്മതിക്കാതിരിക്കുകയും ചെയ്തു. അതേത്തുടർന്നു ജോലിക്കു് പോകാൻ തയാറായ തൊഴിലാളികളും അവിടത്തെ ജില്ലാകളക്ടറെ സമീപിക്കുകയും ഈ കാര്യങ്ങളും അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അവിടെ ഇപ്പോഴും മില്ലു് പ്രവർത്തിക്കുന്നില്ലെന്നുള്ളതു് പരമാർത്ഥമാണു്. അതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ ശരിയാണു്. പല സന്ദർഭങ്ങളിലും കൂടിയാലോചനകളും നടത്തുകയുണ്ടായെങ്കിലും അൽപസ്വൽപം വ്യത്യാസങ്ങളും അഭിപ്രായങ്ങളിൽ ഉള്ളതുകൊണ്ടു് ആ കൂടിയാലോചനകളൊന്നും തന്നെ പരിപൂർണ്ണമായി വിജയിപ്പിക്കാൻ ഇനിയും സാധിച്ചിട്ടില്ല. ഇനി സെപ്റ്റംബർ 2–ാം തീയതി ഒരു സമ്മേളനം നടത്താമെന്നു തീരുമാനിച്ചിരിക്കുകയാണു്. അപ്പോൾ ഒരു തീരുമാനത്തിൽ എത്താൻ സാധിക്കുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്. അവിടെ പണിയെടുത്തുകൊണ്ടിരുന്ന മുന്നൂറോളം കുടുംബങ്ങളും തൊഴിലില്ലാത്തതുകൊണ്ടു് പട്ടിണിയിലായിരിക്കയാണെന്നുള്ള കാര്യവും ശരിയാണു്. അതുപോലെതന്നെ മറ്റുപല സാമൂഹ്യപ്രശ്നങ്ങളും ഇതുകൊണ്ടു് ഉണ്ടാകുന്നുമുണ്ടു്. അവിടെ ആരാണു് തടസ്സം ഉണ്ടാക്കുന്നതെന്നും ആരാണു് തടസ്സം ഉണ്ടാക്കാതിരിക്കുന്നതെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കോ ഡിപ്പാർട്ടുമെൻറിനു തന്നെയോ അറിയാൻ പാടില്ല. ഈ സംഘട്ടങ്ങളും ഈ അടുത്ത കാലത്തല്ല ഉണ്ടായതു്, രണ്ടുമാസത്തിനു മുമ്പുണ്ടായതാണു്. കഴിയുന്നതും വേഗം ഈ പ്രശ്നത്തിനൊരു പരിഹാരം ഉണ്ടാക്കണമെന്നാണു് ഗവണ്മെൻറിന്റെ ആഗ്രഹം. എല്ലാ കാര്യങ്ങളിലും കക്ഷികൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണു് ഉള്ളതു്. അവയെല്ലാം പറഞ്ഞു തീർക്കുന്നതിനു് ഗവണ്മെൻറിൽനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നതാണു്. ബഹുമാനപ്പെട്ട കരുണാകരനു് ഇനി എന്തെങ്കിലും കാര്യങ്ങൾ ഇതിനെപ്പറ്റി അറിയണമെന്നുണ്ടെങ്കിൽ നാളെ അന്വേഷിച്ചു പറയാവുന്നതാണു്. കൂടുതലായിട്ടൊന്നും തന്നെ പറയാനില്ല.

V. FELICITATIONS TO SHRI V. V. GIRI ON HIS ELECTION AS PRESIDENT

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനാഗ്രഹിക്കുന്നു. ഇപ്പോൾ ഇൻഡ്യയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട വി. വി. ഗിരിയെ അഭിനന്ദിക്കുന്നതിനും അനുമോദിക്കുന്നതിനും വേണ്ടി ഇവിടെ ഒരു പ്രമേയം അവതരിപ്പിച്ചു ചർച്ച ചെയ്താൽ കൊള്ളാമെന്നുണ്ടു്.

ശ്രീ. ടി. എ. മജീദു്: ഇൻഡ്യയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബഹുമാനപ്പെട്ട ഗിരിയെ അഭിനന്ദിക്കുന്നതിനും അനുമോദിക്കുന്നതിനുംവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly